**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **18-01-2021 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന് കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഇരുനിലകളിലായി നിർമ്മിക്കുന്ന മലയിൻകീഴ് സബ് രജിസ്ട്രാർ ആഫീസ് കെട്ടിടത്തിന്റെ രണ്ട് നിലകളും വാർത്തുകഴിഞ്ഞു. എന്നാൽ മേൽപ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ ഒഴിവാക്കിയതിനോടനുബന്ധിച്ച് ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി അംഗീകാരത്തിനായി കൺസ്ട്രക്ഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഷെഡ്യൂൾ കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പുനർദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12 മാസം ആയിരുന്നു. അതിൻപ്രകാരം 15.02.2020ൽ പൂർത്തീകരണ കാലാവധി തീരുകയും ചെയ്തു. ചില സാങ്കേതിക കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ 15.07.2020 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ 19.03.2020 ന് ശേഷം ടി കെട്ടിടത്തിന്റെ ഒരു പ്രവൃത്തിയും കരാറുകാരൻ നടത്തിയിട്ടില്ല. ടി പ്രവൃത്തി വളരെ മന്ദഗതിയിലായതിനാൽ ഉടമ്പടി പ്രകാരവും കിഫ്ബി ഗൈഡ് ലൈൻ പ്രകാരവുമുള്ള പുരോഗതി ഇല്ലാത്തതു കാരണം നിരവധി തവണ കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും കത്തുകൾ നൽകിയെങ്കിലും യാതൊരുവിധ നടപടിയും ഉണ്ടാകാത്തതിനാൽ ഫൈനൽ നോട്ടീസ് കരാറുകാരന് നൽകി മേൽ പ്രവൃത്തി പുനരാരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതായും എന്നിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും കൈക്കൊള്ളാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്തു. ബാക്കി പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെച്ച് കഴിഞ്ഞാൽ 6 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാനാകും. |

സെക്ഷൻ ഓഫീസർ